അപേക്ഷ സമർപ്പിച്ചപ്പോൾ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ചട്ടങ്ങൾക്കുവിരുദ്ധമായി open access നിരസിക്കുകയാണുണ്ടായത്. ഇതിന്മേൽ കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി ബോർഡ് പരാതി സമർപ്പിച്ചിരുന്നു. ടി പരാതിയിന്മേൽ കേന്ദ്ര കമ്മീഷൻ 16-2-2015-ലെ ഉത്തരവിൽ കേരളത്തിനനുകൂലമായി വിധിയായി തീർപ്പാക്കുകയും വൈദ്യുതി ബോർഡ്, 2013- ജൂൺ മാസത്തിൽ നൽകിയ ഓപ്പൺ ആക്സസ് അപേക്ഷ, കേന്ദ്ര റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഓപ്പൺ ആക്സസ് ചട്ടങ്ങൾക്കു വിധേയമായി തീർപ്പുകൽപ്പിക്കേണ്ടതാണെന്ന് ഉത്തരവിറക്കുകയും ചെയ്തു.

(ഇ) രാജ്യത്ത് നിലവിലുള്ള വ്യവസ്ഥകളനുസരിച്ച് വൈദ്യുതി വാങ്ങുന്നതിനുള്ള ദീർഘകാല കരാറുകൾക്ക് പവർഗ്രിഡ് കോർപ്പറേഷൻ ട്രാൻസ്മിഷൻ ലൈനുകൾ സമയബന്ധിതമായി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2017 ഒക്ടോബർ മാസത്തോടെ കരാറിൽ ഏർപ്പെട്ട മുഴുവൻ വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭ്യമാക്കാൻ ഓപ്പൺ ആക്സസ് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതിയുടെ അധിക ഉല്പാദനം

42 (388) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഭാഗമായി വൈദ്യുതി ലാഭകരമായി ഉല്പാദിപ്പിക്കുവാൻ കഴിയുന്നുണ്ടോ ; ഇതിന്റെ ഭാഗമായി വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്കു കൂടി ലഭ്യമാകുന്നതിനായി വൈദ്യുതി ചാർജ്ജ് കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഇതിന്റെ ഭാഗമായി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുള്ളത് ?

ഉത്തരം

(എ-സി) വൈദ്യുതി ബോർഡിന്റെ ദ്രവ ഇന്ധന നിലയങ്ങളായ BDPP, KDPP എന്നിവിടങ്ങളിലും കേരളത്തിലെ NTPC-യുടെ കായംകുളം നിലയത്തിലും കൊച്ചിയിലെ BSES നിലയത്തിലും കാസർഗോഡ് KPCL നിലയത്തിലും LSHS, നാഫ്ത്ത തുടങ്ങിയ ദ്രവ ഇന്ധനങ്ങളാണ് ഉപയോഗിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില കുറയുക വഴി ദ്രവ ഇന്ധനങ്ങളുടെ വിലയിലും ഗണ്യമായി കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോഴും ടി നിലയങ്ങളിലെ വൈദ്യുതിയുടെ ഇന്ധനവില മാത്രം

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റിന് 7 രൂപയിൽ അധികമാണ്. ടി നിരക്ക് വൈദ്യുതി വ്യാപാരികളിൽ നിന്നും ഉല്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്നതിന് കരാറിലേർപ്പെട്ടിരിക്കുന്ന നിരക്കിനേക്കാൾ അധികമാണ്. കൂടാതെ വൈദ്യുതി വാങ്ങൽ ചെലവ് യൂണിറ്റൊന്നിന് 5 രൂപയ്ക്കുള്ളിലായിരിക്കണമെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച കാരണങ്ങളാൽ അത്യാവശ്യ ഘട്ടങ്ങളിൽ മാത്രമേ അതായത് ലോഡ് ഷെഡ്ഡിംഗോ, പവർകട്ടോ ഒഴിവാക്കുന്നതിനുവേണ്ടി മാത്രമേ ടി നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുകയോ ഷെഡ്യൂൾ ചെയ്യുകയോ ചെയ്യുന്നുള്ളൂ. ആകയാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില കുറഞ്ഞതിന്റെ ഭാഗമായി വൈദ്യുതി ലാഭകരമായി ഉത്പാദിപ്പിക്കുവാനോ ഇത്തരത്തിലുള്ള വൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാനോ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകുവാനും സാധിക്കുന്നില്ല.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

43 (389) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നും കേരളത്തിൽ ഇപ്പോൾ ലഭ്യമാകുന്ന വൈദ്യുതി എത്രയാണെന്ന് പറയാമോ ;

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വിനിയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(സി) മാലിന്യ സംസ്കരണം സംസ്ഥാനത്താകമാനം വലിയ പ്രതിസന്ധി സൃഷ്ടിക്കുമ്പോഴും ഊർജ്ജ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി ചേർന്ന് മാലിന്യത്തിൽ നിന്നും ഊർജ്ജോത്പാദനം സാധ്യമാക്കുന്ന പദ്ധതികൾക്ക് അവസരമുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; ഇത്തരം പദ്ധതികൾക്ക് തുടക്കം കുറിക്കുമോ ?

<u>ഉത്തരം</u>

(എ) അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന 10000 സൗരഗ്രഹ പദ്ധതിയിലൂടെ ഏകദേശം 7 മെഗാവാട്ട് സ്ഥാപിത ശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സായ കാറ്റിൽനിന്ന് 34.875 MW-ഉം സൗരോർജ്ജത്തിൽനിന്ന് 0.011 MW ഉം വൈദ്യുതിയാണ് സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly